"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല, മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് - ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്തുവെന്ന പരാതി - 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271(എം) പ്രകാരം ബഹു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്

സ.ഉ.(സാധാ) നം.447/2026/LSGD തീയതി,തിരുവനന്തപുരം, 21-02-2026

---

പരാമർശം:-

1. ശ്രീ. കെ.എസ്. മൈക്കിൾ, ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച പരാതി (Docket No. L1250300325).
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.12.2025 തീയതികളിലെ LSGD/PD/40215/2025-VIGE6 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ ഔദ്യോഗിക വാഹനം ജനപ്രതിനിധികൾ ദുരുപയോഗം ചെയ്തുവെന്ന് കാണിച്ച് ശ്രീ . കെ. എസ് മൈക്കിൾ പരാമർശം - 1 പ്രകാരം പരാതി സമർപ്പിച്ചിട്ടുണ്ട്. പരാതിയിന്മേൽ എറണാകുളം ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തുകയും പരാതിയിൽ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളിൽ പ്രഥമ ദൃഷ്ട്യാ കഴമ്പുണ്ടെന്ന് കണ്ടെത്തിയത്തിനാൽ ടി കാലയളവിലെ പ്രസിഡന്റ് ശ്രീ. ബിബീഷ് കെ.വി, വൈസ് പ്രസിഡന്റ് ശ്രീമതി ഗ്രേസി ചാക്കോ എന്നിവർക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 271(എം) പ്രകാരം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്യാവുന്നതാണെന്ന് പരാമർശം - 2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസിഡന്റ് ശ്രീ ബിബീഷ് കെ.വി, വൈസ് പ്രസിഡന്റ് ശ്രീമതി ഗ്രേസി ചാക്കോ

എന്നിവർക്കെതിരെ അഴിമതി ആരോപണം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 271(എം) പ്രകാരം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/10/2026-LSGD].

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 24-02-2026 11:30:59
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.